# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 7433/25 | തിയ്യതി : 18.12.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

ഡയസ് വർഗ്ഗീസ്
5A, മൾബറി അപ്പാർട്ട്മെന്റ്സ് — പരാതിക്കാരൻ
അവന്യൂ ബ്ലൂ, അവന്യൂ റോഡ്

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ശ്രീ. ഡയസ് വർഗ്ഗീസിൻെറ 14430 - A എന്ന കൺസ്യൂമർ നമ്പറിലുള്ള കണക്ഷനിൽ മെയിൻ സ്വിച്ച് ഓഫ് ചെയ്തിട്ടും ബിൽ തുക നിരന്തരമായി 2800/- രൂപയിൽ അധികം വരുന്നു. സ്ഥിരതാമസമില്ലാത്തിടത്ത് ഇടയ്ക്ക് ഒരാഴ്ച്ചക്കാലം മാത്രം താമസിച്ചിട്ടും 400 യൂണിറ്റിൻെറ ബില്ലാണ് വന്നത്. പരാതിക്കാരൻ ഉപയോഗിക്കാത്ത 400 യൂണിറ്റിന് അടവാക്കിയ ബില്ലുകളിൽ അധികമായി ഈടാക്കിയ തുക തിരികെ നൽകുന്നതിനായാണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

30.10.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരോട് വിഷയവുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 14430 – A, 15 KW connected Load, LT I താരിഫ്, ത്രീ ഫേസ്, ദ്വൈമാസ ബില്ലുകൾ നൽകി വരുന്ന കണക്ഷനാണ്. സ്പോട്ട് ബിൽ മീറ്റർ റീഡർ നൽകി വരുന്ന റീഡിങ്ങ് പ്രകാരം കഴിഞ്ഞ ഒരു വർഷത്തെ ഉപയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. ആയത് പ്രകാരം ഏകദേശം 400 യൂണിറ്റ് ഉപയോഗം രണ്ട് മാസം കൂടുമ്പോൾ വരുന്നതായി കാണുന്നു.

**വിഷയത്തിൽ സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

04/31-26 ൽ കൺസ്യൂമർ നം.: 14430 - A, ടി കണക്ഷൻ ചേലക്കോട്ടുകര മൾബറി ഫ്ളാറ്റിൽ ഗാർഹിക ആവശ്യത്തിനായി നൽകിയിട്ടുള്ള ത്രീ ഫേസ് കണക്ഷനിൽ 29.11.2025 ന് ഓവർസിയർ

നടത്തിയ സ്ഥലപരിശോധനയിൽ മീറ്റർ ഫോൾട്ടി (No Display) ആയി കണ്ടെത്തുകയും, അതേ ദിവസം തന്നെ ഫോൾട്ടി മീറ്റർ മാറ്റുകയും ചെയ്തിട്ടുണ്ട്. (Old meter No. – 13021031; FR = M/F; New Meter No. – 4545885; IR = 4547 kwh) ടിയാളുടെ കഴിഞ്ഞ ആറ് മാസത്തെ ഉപഭോഗ വിവരങ്ങൾ :-

| Sl. No. | Bill Date | Unit | Bill Amount |
|---|---|---|---|
| 1 | 27.10.2025 | 413 | 2879 |
| 2 | 23.08.2025 | 399 | 2701 |
| 3 | 25.06.2025 | 420 | 2767 |
| 4 | 25.04.2025 | 432 | 2967 |
| 5 | 22.02.2025 | 410 | 2844 |
| 6 | 21.12.2024 | 410 | 2727 |

ടി കണക്ഷനിൽ ആവറേജ് ഉപഭോഗം 400 യൂണിറ്റിന് മേൽ വരുന്നതായി കാണുന്നു. ടി കണക്ഷനിൽ ലഭ്യമായ റീഡിങ്ങിനനുസരിച്ചാണ് ബിൽ നൽകിയതായി കാണുന്നത്. മീറ്റർ മാറ്റിയതിന് ശേഷമുള്ള തുടർച്ചയായ മൂന്ന് ബിൽ സൈക്കിളിൽ നിന്നും ശരാശരി കണക്കാക്കി പരാതിയിൽ പറയുന്ന പ്രകാരമുള്ള ബിൽ റിവൈസ് ചെയ്യുന്ന വിഷയം പരിഗണിക്കാവുന്നതാണ്. മീറ്റർ ഫാൾട്ടിയിൽ ബിൽ നൽകിയിട്ടില്ല എന്ന കാര്യം സൂചിപ്പിക്കുന്നു.

**ഫോറത്തിൻെറ നിഗമനം.**

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മീറ്ററിന് തകരാറുള്ളതായും തകരാറുള്ള മീറ്റർ മാറ്റി സ്ഥാപിച്ചതായും ഫോറത്തിന് ബോധ്യമായി.

**ഉത്തരവ് നടപടികൾ :**

പരാതിക്കാധാരമായ മീറ്ററിന് തകരാറുള്ളതായി റിപ്പോർട്ട് ലഭിച്ചതിനാൽ ലൈസൻസി നിയമാനുസൃതമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ